കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
2018-2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ.കെ.എൽ.എം./പി.6/1127/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
കൊല്ലം ജില്ല

തീയതി – 13.01.2021

ഫോൺ–0474–2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡൻറ് (സെക്രട്ടറി മുഖേന)

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് 2018–2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊട്ടാരക്കര ബ്ലോക്കുപഞ്ചായത്തിൻറെ 2018–2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിൻറെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിൻറെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസി. ഡവലപ്മെൻറ് കമ്മീഷണർ, കൊല്ലം
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.കെ.എൽ.എം./പി.6/1127/2020 തിയതി : 13.01.2021

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് -2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.1.2019 മുതൽ 30.9.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. കെ. പി. മാത്യു റോയി<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 5.10.2020 മുതൽ 9.10.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. ജി. സജികുമാർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | | ശ്രീമതി. സിജാറാണി. എസ്. | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. ജയകുമാരിഅമ്മ. ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി. റജിന. എസ്. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ. എസ്. ശശികുമാർ | 1.4.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | : | ശ്രീ. മെൽവിൻ സി. എഫ്. | 1.4.2018 മുതൽ 31.3.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി. എൻജിനീയർ | | ശ്രീ. അസ്ജാദ് | 1.4.2018 മുതൽ 31.3.2019 വരെ |
| അസി. എക്സിക്യൂട്ടീവ് എൻജിനീയർ | | ശ്രീ. ഗിരീഷ്. വി. ആർ | 1.4.2018 മുതൽ 31.3.2019 വരെ |
| അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | | ശ്രീ. ലൂയിസ് മാത്യു | 1.4.2018 മുതൽ 31.3.2019 വരെ |
| പട്ടികജാതി വികസനഓഫീസർ | | ശ്രീ. സുനിൽ. എം. എസ് | 1.4.2018 മുതൽ 12.9.208 വരെ |
| | | ശ്രീ. പ്രശാന്തൻ. ഇ. പെരേര | 13.9.2018 മുതൽ 9.11.2018 വരെ |
| | | ശ്രീ. സുനിൽകുമാർ. കെ | 10.11.2018 മുതൽ 30.11.2018 വരെ |
| | | ശ്രീമതി. റീനാ തോമസ് | 01.12.2018 മുതൽ 31.3.2019 വരെ |
| സാമൂഹിക നീതി ഓഫീസർ | | ശ്രീമതി. ശാന്ത. റ്റി.എൽ | 1.4.2018 മുതൽ 31.3.2019 വരെ |
| | | | |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ബീന. ബി. എച്ച് | 1.4.2018 മുതൽ 24.9.2018 വരെ |
| | ശ്രീമതി. ബീന. കെ. പി | 25.9.2018 മുതൽ 31.3.2019 വരെ |
| അസി. പ്രോജക്ട് ഓഫീസർ | ഡോ. സുജാത മുരളീധരൻ | 1.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ. ജ്യോതിലാൽ | 1.4.2018 മുതൽ 31.3.2019 വരെ |
| വ്യവസായ വികസനഓഫീസർ | ശ്രീ. റ്റി എസ്. ബിജു | 1.4.2018 മുതൽ 31.3.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-10 |
| 11 | സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കുന്നതിലെ അപാകതകൾ | 1-11 |
| 12 | മരുന്ന് വാങ്ങൽ ടെൻഡർ നടപടി രേഖകൾ ഹാജരാക്കിയില്ല , 2,61,083/- രൂപ തടസ്സപ്പെടുത്തുന്നു. | 1-12 |
| 13 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം 2,06500/- രൂപ തടസ്സപ്പെടുത്തുന്നു. | 1-13 |
| 14 | കശുമാവിൻ തൈകൾക്കായി തുക മുൻകൂറായി ഒടുക്കിയിട്ടും തൈകൾ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല | 1-14 |
| 15 | എൻട്രൻസ് കോച്ചിംഗിന് പരിശീലനം -പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ | 1-15 |
| 16 | പ്രീ-മെട്രിക്ക് ഹോസ്റ്റലിലെ ലൈബ്രറിയിലേക്ക് പുസ്തകങ്ങളും അലമാരയും വാങ്ങൽ- രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-16 |
| 17 | കരീപ്ര ഗ്രാമ പഞ്ചായത്തിലെ പാണൻ പറമ്പ് കോളനി കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, സെന്റേജ് ഇനത്തിൽ 13,316/- രൂപ അധികം നല്കി | 1-17 |
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, 74,32,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 19 | മുളവാന്നൂർ കുടിവെള്ള പദ്ധതി, ക്രമ പ്രകാരം ടെണ്ടർ കുറവ് വരുത്താതിരുന്നതിനാൽ 22316/- രൂപ അധികം നല്കി. | 1-19 |
| 20 | ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. പലിശ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് വൻ തുക നഷ്ടപ്പെടുന്നു. | 1-20 |
| 21 | ജീവിതശൈലി രോഗനിയന്ത്രണപരിപാടി പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-21 |
| 22 | ഐ എ വൈ കോ-ഓപറേറ്റീവ് ബാങ്കിലേയ്ക്കുള്ള ലോൺ തിരിച്ചടവ്, അവലോകനം | 1-22 |

| | | |
|---|---|---|
| 23 | ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ച് നല്കി | 1-23 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 24 | കരീപ്ര ഗ്രാമ പഞ്ചായത്തിലെ പാണൻ പറമ്പ് കോളനി കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, സെന്റേജ് ഇനത്തിൽ 13,316/- രൂപ അധികം നല്കി | 3-1 |
| 25 | മുതുവാന്നൂർ കുടിവെള്ള പദ്ധതി, ക്രമ പ്രകാരം ടെണ്ടർ കുറവ് വരുത്താതിരുന്നതിനാൽ 22,316/- രൂപ അധികം നല്കി. | 3-2 |
| 26 | ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ച് നല്കി | 3-3 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 27 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 28 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 31 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 32 | സ്ഥിര നിക്ഷേപം | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 39 | അനുബന്ധപത്രികകൾ | അനുബന്ധം-2 |

<u>ഭാഗം -1</u>

# <u>ഓഡിറ്റ് റിപ്പോർട്ട്</u>

## 1-1 ബജറ്റ്

28.3.2018 തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 27.5.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5100257/- രൂപ |
| വരവ് | 137029625/- രൂപ |
| ആകെ | 142129882/- രൂപ |
| ചെലവ് | 112325046/- രൂപ |
| നീക്കിയിരിപ്പ് | 29804836/- രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരുപ്പ് (രൂപ) |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | - | 40800000 | 40800000 | 39267484 | 1532516 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | - | 17368000 | 17368000 | 14668900 | 2699100 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | - | 322000 | 322000 | 322000 | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | - | - | - | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 4424000 | 4424000 | 3702560 | 721440 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | - | - | - | - |
| കെ.എൽ.എസ്. ജി. ഡി.പി (ACR പ്രകാരം) | - | - | - | - | - |
| സാക്ഷരത | - | - | - | - | - |
| ദുരിതാശ്വാസനിധി | - | - | - | - | - |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | - | - | - | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3894 | 399954 | 403848 | 403122 | 726 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) MP LAD | | 290550 | 4008717 | 4299267 | 3990114 | 309153 |
| TSC | | 273715 | 9334 | 283049 | 19303 | 263740 |
| IAY ADMIN | | 211 | 280149 | 280360 | 63530 | 216830 |
| IAY PLAN | | 325697 | 12100000 | 12425697 | 11629268 | 796439 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) MLASDF | | 381 | 1406 | 1787 | 140 | 1647 |
| SIGN SHG | | 1810 | - | 1810 | 1810 | - |
| നിർമ്മൽ പുരസ്കാർ | | 150487 | - | 150487 | 150487 | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമപഞ്ചായത്ത് & ജില്ലാ പഞ്ചായത്ത് | 1954321 | 11263855 | 13218176 | 11098285 | 24316461 |
| | | | | | | |
| ബി ഫണ്ട് | | - | - | - | - | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1719967 | 43048914 | 44768881 | 43520254 | 1248627 |
| | ട്രഷറി അക്കൗണ്ട് | 379224 | 7956352 | 8335581 | 5684368 | 2651213 |
| മറ്റിനം | | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 114 | 80482062 | 90 | 59749444 | 3 | 21 | 79% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3894 | 399954 | 403848 | 403122 | 726 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.10.2020ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

## 1-8 ആഭ്യന്തരനിയന്ത്രണം

മാന്വൽ രസീതുകളും സാംഖ്യ രസീതുകളും വരവുതുകകൾ സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്നു. ഒരേ രസീതുബുക്കുകൾ അടുത്ത സാമ്പത്തികവർഷത്തിലും തുടർച്ചയായി ഉപയോഗിച്ചുവരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥരും ഈ രീതി തുടർന്നു വരുന്നു. സാംഖ്യ രസീതുകളുടെ സ്റ്റോക്കു രജിസ്റ്റർ പരിപാലിക്കുന്നില്ല. ജില്ലാ പഞ്ചായത്ത് അസി. എക്സി. എൻജിനീയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള ടെണ്ടർ ഫാറവില ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരികെ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല. വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചുവരുന്നു. കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തിക്ക് സെന്റേജ് ചാർജ്ജ് അധികം നൽകി. (ഖ.3-1) മെഡിക്കൽ ഓഫീസർ പദ്ധതിമാർഗ്ഗരേഖയ്ക്കു വിരുദ്ധമായി നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ പ്രത്യേക ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.11.2019 | 2018-19 (ഒന്നാം ഘട്ടം) | 13.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.3.2017 | 2012-13 മുതൽ 2015-16 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

## 1-10 വാർഷിക കണക്കുകളിലെ അപാകതകൾ

1. ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ മെയിന്റനൻസ് ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. B3 ഷെഡ്യൂളിലെ ക്യാപിറ്റൽ കോൺട്രിബ്യുഷൻ (B11+B11(a)) ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

2. RP-5 ൽ ഉൾപ്പെട്ട കാർഷിക വിളകളുടെ വിൽപ്പന (425/- രൂപ), വൃക്ഷങ്ങളുടെ മേലാദായം (70,500/- രൂപ), ഉപയോഗശൂന്യമായവയുടെ വിൽപ്പന (18,900) എന്നീ വരവുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുടെയും രേഖകളുടെയും അഭാവത്തിൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല .

3. പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തിക്കു വേണ്ടി 2017-18 സാമ്പത്തിക വർഷം വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 8,44,000/- രൂപ (വികസന ഫണ്ട് ) ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

4. ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിന്റെ B-17 ലെ നീക്കിയിരിപ്പ് തുക B-4 ഷെഡ്യൂളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുപ്രകാരം വരവ് തുക 11263855/- രൂപയാണ്. ആയത് രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

<u>മറ്റ് അപാകതകൾ</u>

1) MGNREGS-മുന്നിരിപ്പ്, വരവ്-ചെലവ്, നീക്കിയിരുപ്പ് തുകകൾ വാർഷികക്കണക്കിൽ ഉൾപ്പെട്ടിട്ടില്ല.
2) വികസന ഫണ്ട് – TSP വരവുതുക – 3,22,000/- രൂപ രസീത് & പേയ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.
3) നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക AFS-ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
4) ഓഡിറ്റ് റിക്കവറിയിനത്തിൽ 54,972/- രൂപ വരവുണ്ട്. ആയത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-11 സാംഖ്യ സോഫ്റ്റ്വെയർ ഉപയോഗിച്ച് അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കുന്നതിലെ അപാകതകൾ

48544/എബി1/13/ത.സ്വ.ഭ.വ തീയതി 22.04.14 നമ്പർ സർക്കുലർ പ്രകാരം സാംഖ്യ സോഫ്റ്റ്വെയർ ഉപയോഗിച്ച് അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കുമ്പോൾ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും ദിവസംതോറും Day Book അതാത് ദിവസം തന്നെ പ്രിന്റെടുത്ത് മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണം. രസീതുകളുടെ കൗണ്ടർഫോയിൽ, റദ്ദാക്കിയ രസീതുണ്ടെങ്കിൽ ആയതിന്റെ കൗണ്ടർ ഫോയിൽ എന്നിവയും രസീതും ദിവസക്രമത്തിൽ അടുക്കി കൃത്യമായി സൂക്ഷിക്കണം. ഇത് കൃത്യമായി ചെയ്യുന്നുണ്ടെന്ന് അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് / ജൂനിയർ സൂപ്രണ്ട് പ്രത്യേക

ശ്രദ്ധചെലുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൽ അതാത് ദിവസംതന്നെ Day Book പ്രിന്റെടുത്ത് മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. അതുപോലെ രസീതുകളുടെ കൗണ്ടർ ഫോയിലും റദ്ദാക്കിയ രസീതുണ്ടെങ്കിൽ ആയതിന്റെ കൗണ്ടർ ഫോയിലും രസീതും ദിവസക്രമത്തിൽ അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് / ജൂനിയർ സൂപ്രണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് അതാത് ദിവസത്തെ Day Book പ്രിന്റെടുത്ത് മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും പ്രിന്റർ തകരാറുമൂലമാണ് സാംഖ്യ രസീത് പ്രിന്റെടുത്ത് സൂക്ഷിക്കാത്തതെന്നും തുടർന്നുള്ള ദിനങ്ങളിൽ സാംഖ്യ രസീതുകളുടെ കൗണ്ടർ ഫോയിൽ, റദ്ദാക്കിയ രസീതുണ്ടെങ്കിൽ ആയതിന്റെ കൗണ്ടർ ഫോയിലും രസീതും ദിവസക്രമത്തിൽ അടുക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയങ്ങളിലിന്മേലുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധചെലുത്തേണ്ടതാണ്.

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ 2315750 മുതൽ 2316000 വരെയും 0468001 മുതൽ 0468100 വരെയുമുള്ള സീരിയൽ നമ്പറുകളിലുള്ള സാംഖ്യ രസീതുകൾ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അവ സ്റ്റോക്കിലെടുക്കുകയോ അതിനായി ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ആയതിനെ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

മാനവൽ രസീതുകളിലും അവശേഷിക്കുന്ന പേജുകൾ ഓരോ സാമ്പത്തിക വർഷം കഴിയുമ്പോഴും ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ അടുത്ത സാമ്പത്തിക വർഷവും അതേ രസീതു ബുക്കുകൾ തന്നെ തുടർന്നും ഉപയോഗിച്ചു വരുന്നു. മേൽ നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പരാമർശിത വിഷയത്തിൽ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങി ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 3/07.10.2020

## 1-12 മരുന്ന് വാങ്ങൽ - ടെൻഡർ നടപടി രേഖകൾ ഹാജരാക്കിയില്ല - 2,61,083/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ സി. എച്ച്. സി നെടുമൺകാവ്

പദ്ധതി നം. – SO107/18-19
അടങ്കൽ തുക – 2,61,083/- രൂപ
ഫണ്ട് – മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവ് – 2,61,083/- രൂപ
ബിൽ നം. – 4/18-19, തീയതി – 31.05.18

ബിൽ നം. – 4/18-19 തീ. 31.05.18

പ്രോജക്ട് നമ്പർ SO107/18-19 മുഖേന 2,61,083/- രൂപയ്ക്ക് (ബിൽ നം 4/18-19 തീ. 31.05.18) P.S.N pharmaceuticals, pallimukku, Odanavattom എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും മരുന്നുകൾ പർച്ചേസ് ചെയ്തിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018.ത.സ്വ.ഭ.വ തീ. 14.02.2018 ലെ ഖണ്ഡിക 7.5.3. പ്രകാരം ഡി.എം.ഒയിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷമേ കെ.എം.എസ്.സി.എല്ലിൽ നിന്നു പോലും മരുന്നുകൾ വാങ്ങാൻ പാടുള്ളൂ എന്നിരിക്കെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് സ്വകാര്യ സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുള്ളത്. അടിയന്തര സാഹചര്യങ്ങളിൽപോലും മരുന്നുകൾ പർച്ചേസ് ചെയ്യുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ ഉണ്ടെന്നിരിക്കെ ടെൻഡർ നടപടികൾ നടത്താതെ സ്വകാര്യസ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങിയ നടപടി ക്രമവിരുദ്ധമാണ്.
മരുന്നുകൾ വാങ്ങിയ ഇനത്തിൽ 2,61,083/- രൂപയിൽ 2,48,029/- രൂപ PSN ഫാർമസ്യൂട്ടിക്കൽസിന്റെ അക്കൗണ്ടിലേക്കും 13,054/- രൂപ മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേക്കുമാണ് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരിക്കുന്നത്. പിന്നീട് ചെക്ക് മുഖേന സ്വകാര്യ സ്ഥാപനത്തിന് മെഡിക്കൽ ഓഫീസർ കൈമാറുകയാണുണ്ടായത്. മുഴുവൻ തുകയും സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറാതിരുന്നതിന്റെ ക്രമ വിരുദ്ധമായ നടപടിയ്ക്ക് കാരണം വ്യക്തമല്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ചെലവ് ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുവാങ്ങലിനായി പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 2,61,083/- രൂപ തടസസ്സപ്പെടുത്തുന്നു.

ഓഡിറ്റന്വേഷണം നം. 4/07.10.2020

തടസ്സപ്പെടുത്തിയ തുക - 2,61,083/-രൂപ

### 1-13 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ സി. എച്ച്. സി നെടുമൺകാവ്

പദ്ധതി നം. – SO109/18-19
അടങ്കൽ തുക – 15,45,782/- രൂപ
ഫണ്ട് – വികസന ഫണ്ട്
ചെലവ് തുക – 14,76,282/- രൂപ
ബിൽ നം. – 2/18-19 തീ. 21.05.18

പ്രോജക്ട് നമ്പർ SO109/18-19 അംഗപരിമിതർക്കുള്ള സമഗ്രവികസനത്തിൽ ഒരു പദ്ധതിയായി കാഴ്ച കുറഞ്ഞവർക്കുള്ള കണ്ണടകൾ (Assorted Spectacles) 2,06,500/- രൂപയ്ക്ക് (ബിൽ നം. 2/18-19 തീ. 21.05.18) Modern Opticals, Hospital Road Kollam എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും ടെൻഡർ നടപടികളിലൂടെ പർച്ചേസ് ചെയ്ത് നടപ്പിലാക്കിയിരിക്കുന്നു. സ.ഉ(കൈ)നം.22/2018ത.സ്വ.ഭ.വ./14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.2(ഡി) യിൽ കാഴ്ച കുറഞ്ഞവർക്ക് സൗജന്യമായി നല്കാവുന്ന ഉപകരണങ്ങളിൽ കണ്ണട ഉൾപ്പെട്ടിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണത്തിന് ചെലവഴിച്ച 2,06,500/- രൂപ തടസ്സപ്പെടുത്തുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ അനുമതിയില്ലാതെ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം. 4/07.10.2020

തടസ്സപ്പെടുത്തിയ തുക - 2,06,500/- രൂപ

### 1-14 കശുമാവിൻ തൈകൾക്കായി തുക മുൻകൂറായി ഒടുക്കി - തൈകൾ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല.

പ്രോജക്ട് നം – 72/19, കശുമാവിൻ തൈ വിതരണം

ഫണ്ട് - വികസനഫണ്ട്(ജനറൽ)

അടങ്കൽ – 5,02,000/- രൂപ

ചെലവ് – 5,02,000/- രൂപ

ബിൽ നം – 03/18-19/30-01-2019

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി അസിസ്റ്റന്റ് ഡയറക്ടർ

സ്വയംസഹായ സംഘങ്ങൾക്ക്/ഗ്രൂപ്പുകൾക്ക് കശുമാവിൻ തൈ വിതരണം എന്ന പദ്ധതിക്കായി കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 30/10/2018 ലെ V(4)നമ്പർ തീരുമാനപ്രകാരം 40/-രൂപ നിരക്കിൽ 12550 എണ്ണം കശുമാവിൻതൈകൾക്കായി കൊട്ടാരക്കര സീഡ് ഫാമിന് 5,02,000/- രൂപ മുൻകൂറായി നൽകി.

പ്രോജക്ടിന്റെ നിർവ്വഹണരേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അംഗങ്ങളുടെ എണ്ണത്തിനും കൃഷിസ്ഥലത്തിന്റെ അളവിനും അനുസരിച്ചാണ് കശുമാവിൻ തൈകൾ വിതരണം ചെയ്യേണ്ടത്, ഒരോ ഗ്രൂപ്പിന്റെയും വസ്തുവിന്റെ അളവിനനുസരിച്ച് എത്ര വീതം കശുമാവിൻതൈകൾ വിതരണം ചെയ്യണമെന്ന് പദ്ധതിയിൽ സൂചിപ്പിക്കുന്നില്ല.

2. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകളുടെ അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. 12550എണ്ണം കശുമാവിൻ തൈകൾക്കായി തുക ഒടുക്കിയതിൽ വിതരണം നടത്തിയിരിക്കുന്നത് 8690 എണ്ണം മാത്രമാണ്. ബാക്കി 3860 എണ്ണം തൈകൾ സീഡ് ഫാമിൽ നിന്നും വിതരണം നടത്തിയിട്ടില്ല. 8690 എണ്ണം തൈകൾ ലഭ്യമായതിന്റെ രേഖകൾ ഇല്ല.ലഭ്യമാകാൻ അവശേഷിച്ച 3860 എണ്ണം കശുമാവിൻ തൈകൾക്കായി

ചെലവഴിച്ച 1,54,400/- (40*3860) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി വിഷയം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിതരണം ചെയ്യാൻ അവശേഷിക്കുന്ന തൈകൾ 31/10/2020 ന് മുമ്പാകെ വിതരണം ചെയ്യാൻ സീഡ്ഫാമിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

തൈകൾ വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 1,54,400/- രൂപ

ഓഡിറ്റ് എൻക്വയറി നം. – 01-06/10/2020

## 1-15 എൻട്രൻസ് കോച്ചിംഗിന് പരിശീലനം -പ്രോജക്ട് നടപ്പാക്കിയതിൽ അപാകതകൾ

പ്രോജക്ട് നം. – SO053/19
നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - 35,000/- രൂപ (വികസനഫണ്ട് – SCP)

ചെലവ് - 35,000 /- രൂപ

ബിൽ നം. – 7/18-19/23.2.19

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ എൻട്രൻസ് കോച്ചിംഗിന് പരിശീലനം എന്ന പ്രോജക്ട് പ്രകാരം മികച്ച എൻട്രൻസ് പരിശീലന സ്ഥാപനങ്ങളിൽ മെഡിക്കൽ/എൻജിനീയറിംഗ് കോഴ്സുകൾക്ക് കോച്ചിംഗിനുപോകുന്ന കുട്ടികളുടെ ട്യൂഷൻ ഫീയിനത്തിൽ 5,000/- രൂപ വീതം 7 പരിശീലനാർത്ഥികൾക്ക് നൽകി. ടി യിനത്തിൽ 35,000/- രൂപ ചെലവഴിച്ചു. പ്രോജക്ട് പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. പത്രപ്പരസ്യം നൽകി ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പത്രപ്പരസ്യം നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. സബ്സിഡി തുക സ്ഥാപനത്തിനു നൽകുന്നതായാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ആയതു ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുകനൽകിയത് ക്രമപ്രകാരമല്ല.

3. നിർധനരായ കുടുംബങ്ങൾക്ക് മുൻഗണന നൽകണമെന്ന് സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)22/2018തസ്വഭവ 14.2.2018 ഖ. 7.2.5ൽ വ്യക്തമാക്കിയിരിക്കെ സർക്കാർ ജീവനക്കാരുടെ മക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയ അനന്തു. എ. പി, അനൂപ്. എ. പി, ആര്യ എന്നിവർ ഹാജരാക്കിയ രേഖകൾ പ്രകാരം ടി ഗുണഭോക്താക്കൾ മുൻഗണനാ വിഭാഗത്തിൽപ്പെട്ടവരാണ്.

4. ഗുണഭോക്താവായ ശ്യാം കൃഷ്ണൻ പഠിച്ചിരുന്നസ്ഥാപനം അംഗീകൃതമാണെന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ടിയാൻ പരിശീലനം നേടിയ വേണൂസ് കോളേജ് എന്ന സ്ഥാപനം മെഡിക്കൽ / എൻജിനീയറിംഗ് കോച്ചിംഗ് നടത്തുന്ന സ്ഥാപനമായി പ്രവർത്തിക്കുന്നതാണെന്നോ ടി സ്ഥാപനം ഏതു കോഴ്സാണ് നടത്തുന്നതെന്നോ രേഖപ്പെടുത്തിയിട്ടില്ല.

5. ഗുണഭോക്താക്കളായ ശ്യാം കൃഷ്ണൻ, സൂര്യ എന്നിവർ ഏതു കോഴ്സിനാണ് പരിശീലനത്തിൽ പങ്കെടുത്തതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

6. പരിശീലനം ഗുണഭോക്താക്കൾക്ക് ഗുണകരമായിട്ടുണ്ടോയെന്നും ഉന്നതവിദ്യാഭ്യാസത്തിന് എത്രപേർ യോഗ്യത നേടി എന്നതുസംബന്ധിച്ചും മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് പത്രപ്പരസ്യം നൽകിയതിന്റെ രേഖകൾ ഹാജരാക്കുന്നതാണെന്നും വരുമാനപരിധി ബാധകമല്ലാത്തതിനാലാണ് സർക്കാർ ജീവനക്കാരുടെ മക്കൾക്ക് ആനുകൂല്യം നൽകിയതെന്നും രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നിർധനരായ

കുടുംബങ്ങൾക്ക് മുൻഗണന നൽകണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും രേഖകളുടെ അഭാവത്തിലും 35,000 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. – 7/8.10.2020

തടസ്സപ്പെടുത്തിയ തുക – 35,000 /- രൂപ

## 1-16 പ്രീ-മെട്രിക്ക് ഹോസ്റ്റലിലെ ലൈബ്രറിയിലേക്ക് പുസ്തകങ്ങളും അലമാരയും വാങ്ങൽ-രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം. – SO050/19
നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

അടങ്കൽ – 50,000/- രൂപ (വികസന ഫണ്ട് – SCP)

എഴുകോൺ പ്രീ മെട്രിക്ക് ഹോസ്റ്റലിലെ ലൈബ്രറിയിലേക്ക് പുസ്തകങ്ങളും അലമാരയും വാങ്ങുന്നതിന് 50,000/- രൂപ ബിൽ നം.3/18-19/22.12.18 പ്രകാരം ചെലവഴിച്ചു. അലമാര വാങ്ങിയയിനത്തിൽ 10,900/- രൂപ ശ്രീഭദ്ര ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിനും പുസ്തകങ്ങൾ വാങ്ങിയയിനത്തിൽ 39,100/- രൂപ കേരള സ്റ്റേറ്റ് ബുക്ക് മാർക്കിനും നൽകിയിട്ടുണ്ട്. ആയതിന്റെ സ്റ്റോക്ക്, വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് ആയത് കാലതാമസം കൂടാതെ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. രേഖകളുടെ അഭാവത്തിൽ ചെലവുതുകയായ 50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അലമാര, പുസ്തകങ്ങൾ എന്നിവയുടെ സ്റ്റോക്ക്-വിതരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം – 7/8.10.2020

തടസ്സപ്പെടുത്തിയ തുക – 50,000/- രൂപ

## 1-17 കരീപ്ര ഗ്രാമ പഞ്ചായത്തിലെ പാണൻ പറമ്പ് കോളനി കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ – സെന്റേജ് ഇനത്തിൽ 13,316/- രൂപ അധികം നല്കി.

അടങ്കൽ തുക – 6,00,000/- രൂപ (വികസന ഫണ്ട്, എസ്.സി. പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
ചെലവ് – 6,00,000/- രൂപ
ബിൽ നം. – 10/23.06.18

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തു നടത്തിവരുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും, 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജ്ജായി ഈടാക്കി വരുന്നതിൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ്ജ് സ.ഉ.(സാധാ)നം/1069/2018/തസ്വഭവ, 16-04-2018 പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിന്നും ഈടാക്കാവുന്നതല്ലെന്ന് ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം സെൻറേജ് ചാർജ്ജിനത്തിൽ നല്കേണ്ടിയിരുന്നത് 53,263/- രൂപയാണ്. 13,316/- രൂപ അധികം നല്കിയിട്ടുണ്ട്. ടി തുകയുടെ ചെലവ് അംഗീകരിക്കുന്നില്ല. (വിശദവിവരത്തിന് ഭാഗം 3 കാണുക)

ടി പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചതിൽ ടി പ്രവൃത്തിക്കായി 4,61,163/- രൂപ ചെലവഴിക്കുകയും, 1,38,837/- രൂപ ചെലവഴിക്കാതെ അവശേഷിക്കുകയും ചെയ്യുന്നു. ടി തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-2. തീയതി-07-10-2020) ടി തുകകൾ തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സെൻറേജ് ചാർജ്ജിനത്തിൽ അധികം നല്കിയിട്ടുള്ള 13,316/- രൂപായുടെ ചെലവ് നിരാകരിക്കുന്നു. ടിതുക കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നോ, ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതാണ്. കേരളാ വാട്ടർ

അതോറിറ്റിയിൽ ഒടുക്കവരുത്തിയിട്ടുള്ള 6,00,000/- രൂപയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 1,38,137/- രൂപ തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി തടസ്സം ഒഴിവാക്കേണ്ടതാണ്.

നിരാകരണം – 13,316/- രൂപ
തടസ്സം – 1,38,137/- രൂപ
ഓഡിറ്റ് അന്വേഷണം നം – 2/07-10-2020

1-18 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെക്കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) അഗതി രഹിത കേരളം (ആശ്രയ) വിഹിതം നല്കൽ (49/19)

അടങ്കൽ തുക – 6,00,000/- രൂപ (വികസനഫണ്ട്)

ടി പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെകൊടുത്തിരിക്കും പ്രകാരം തുകകൾ ഗ്രാമ പഞ്ചായത്തുകൾക്ക് നല്കി.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | തുക (രൂപ) | ബിൽ നം. |
|---|---|---|---|
| 1 | പൂയപ്പള്ളി | 100000 | 15, 31-07-2018 |
| 2 | എഴുകോൺ | 100000 | 15, 31-07-2018 |
| 3 | നെടുവത്തൂർ | 100000 | 15, 31-07-2018 |
| 4 | വെളിയം | 100000 | 21, 10-10-2018 |
| 5 | നെടുവത്തൂർ | 100000 | 38-,31-10-2018 |
| | ആകെ | 500000 | |

ഇതിൽ വെളിയം ഗ്രാമപഞ്ചായത്തുമാത്രമാണ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടുള്ളത്. എഴുകോൺ ഗ്രാമപഞ്ചായത്തിൽ നിന്നും 05-11-2019 ൽ ലഭിച്ച വിനിയോഗ സാക്ഷ്യപത്രം പ്രകാരം തുക ചെലവഴിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ, അഥവാ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നല്കിയ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തുകയോ ചെയ്യേണ്ടതാണ്. ആയതിനാൽ ടി പ്രോജക്ടിനായി ചെലവഴിച്ച 5,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

2) ലൈഫ് ഭവന പദ്ധതി - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ (47/19)

അടങ്കൽ തുക – 74,60,000/- രൂപ (വികസന ഫണ്ട്)

ടി പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെകൊടുത്തിരിക്കും പ്രകാരം തുകകൾ ഗ്രാമ പഞ്ചായത്തുകൾക്ക് നല്കി.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | തുക (രൂപ) | ബിൽ നം. |
|---|---|---|---|
| 1 | പൂയപ്പള്ളി | 684500<br>200000 | 12, 23-06-2018<br>36, 20-12-2018 |
| 2 | എഴുകോൺ | 1071000<br>200000 | 12, 23-06-2018<br>36, 20-12-2018 |
| 3 | നെടുവത്തൂർ | 2285000<br>320000 | 12, 23-06-2018<br>36, 20-12-2018 |
| | | | |

| | | | |
|---|---|---|---|
| 4 | വെളിയം | 12,60,000<br><br>200000 | 12, 23-06-2018<br><br>36, 20-12-2018 |
| 5 | കരീപ്ര | 10,39,500<br><br>200000 | 12, 23-06-2018<br><br>36, 20-12-2018 |
| | ആകെ | 7460000 | |

ഇതിൽ എഴുകോൺ, വെളിയം ഗ്രാമ പഞ്ചായത്തുകൾ ഒഴികേയുള്ള സ്ഥാപനങ്ങൾ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 47,29,000/- രൂപ തടസ്സപ്പെടുത്തുന്നു.

3) ലൈഫ് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കൽ, എസ്. സി പി (48/19)

അടങ്കൽ തുക – 38,43,000/- രൂപ (വികസന ഫണ്ട് എസ്. സി പി)

ടി പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെകൊടുത്തിരിക്കും പ്രകാരം തുകകൾ ഗ്രാമ പഞ്ചായത്തുകൾക്ക് നല്കി.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | തുക (രൂപ) | ബിൽ നം. |
|---|---|---|---|
| 1 | പൂയപ്പള്ളി | 320000<br><br>200000 | 11, 23-06-2018<br><br>37, 20-12-2018 |
| 2 | എഴുകോൺ | 720000<br><br>200000 | 11, 23-06-2018<br><br>37, 20-12-2018 |
| 3 | നെടുവത്തൂർ | 923000<br><br>320000 | 11, 23-06-2018<br><br>37, 20-12-2018 |
| 4 | വെളിയം | 520000<br><br>200000 | 11, 23-06-2018<br><br>37, 20-12-2018 |
| 5 | കരീപ്ര | 240000<br><br>200000 | 12, 23-06-2018<br><br>36, 20-12-2018 |
| | ആകെ | 3843000 | |

ഇതിൽ എഴുകോൺ, വെളിയം ഗ്രാമ പഞ്ചായത്തുകൾ ഒഴികേയുള്ള സ്ഥാപങ്ങളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 22,03,000/- രൂപ തടസ്സപ്പെടുത്തുന്നു.

3 പ്രോജക്ടുകളിലായി ചെലവഴിച്ചിട്ടുള്ള 74,32,000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 05/09.10.2020
തടസ്സപ്പെടുത്തുന്ന തുക – 74,32,000/- രൂപ

## 1-19 മുതുവാന്നൂർ കുടിവെള്ള പദ്ധതി - ക്രമ പ്രകാരം ടെണ്ടർ കുറവ് വരുത്താതിരുന്നതിനാൽ അധികം തുക നല്കി.

മുതുവാന്നൂർ കുടിവെള്ള പദ്ധതി തുക നല്കൽ (106/19)

അസി. എക്സി. എഞ്ചിനീയർ എൽ.എസ്.ജി.ഡി, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൻറെ 26-07-2018 ലെ AB-1/118/2017, ഉത്തരവ് പ്രകാരം, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ സ്പിൽ ഓവർപ്രോജക്ടായ

മുളവന്നൂർ കുടിവെള്ള പദ്ധതിയുടെ പാർട്ട് ബില്ലിൽ നിന്നും റിട്ടെൻഷൻ ഇനത്തിൽ കുറവ് ചെയ്ത തുകയായ 34,962/- രൂപ കരാറുകാരനായ ശ്രീ. വി. അനിൽ കുമാറിന് നല്കുന്നതിന് തീരുമാനിച്ചു. പ്രസ്തുത പദ്ധതി ചില സാങ്കേതിക കാരണങ്ങളാൽ നിർത്തിവെച്ചതായും ടി ഉത്തരവിൽ പറയുന്നു. 34,962/- രൂപ 24-07-2018 ലെ 2834316 നമ്പർ ചെക്കു പ്രകാരം ശ്രീ. അനിൽ കുമാറിന് നല്കിയിട്ടുണ്ട്.

12% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ടി പ്രവൃത്തിയുടെ ഒന്നാം ഭാഗിക ബില്ലിൽ നിന്നും ടെണ്ടർ കുറവു വരുത്താതിരുന്നതിനാൽ 22,316/- രൂപ അധികമായി കരാറുകാരന് നൽകി. (തുടർ നടപടികൾ സംബന്ധിച്ച് ഭാഗം 3 കാണുക)

## 1-20 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടർ ചെയ്യുവാൻ ആരംഭിച്ച നാളുമുതൽ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തുവരുന്നത്. ടി തുക നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ഈയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനമാകേണ്ട തുക ജില്ലാ പഞ്ചായത്ത് എക്സി എഞ്ചിനീയറുടെ അക്കൗണ്ടിൽ കിടക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് പരാമർശം മുൻ റിപ്പോർട്ടുകളിലും ഉൾപ്പെടുത്തിയിരുന്നെങ്കിലും ഇതിൻമേൽ യാതൊരുവിധമായ നടപടികളും സ്വീകരിച്ചിട്ടില്ല. ടി തുകകളുടെ പലിശ ഇനത്തിലൂടെയുമുള്ള സാമ്പത്തിക നഷ്ടം ബ്ലോക്ക് പഞ്ചായത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഇത് സംബന്ധിച്ചും, 2018-19 സാമ്പത്തിക വർഷം വരെ ലഭിക്കേണ്ടതുകകളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും, നല്കിയ ഓഡിറ്റ് അന്വേഷണത്തിന് അടിയന്തിരമായി ടെണ്ടർ ഫാറവില ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നല്കിയത്.

ടെണ്ടർ ഫാറവില തിരികെ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്ഥിരം സമിതി, പഞ്ചായത്ത് കമ്മറ്റി എന്നിവയുടെ സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതും, തുക എത്രയും പെട്ടെന്ന് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തി വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. – 6/8.10.2020

## 1-21 ജീവിതശൈലി രോഗനിയന്ത്രണപരിപാടി - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ സി. എച്ച്. സി നെടുമൺകാവ്

പദ്ധതി നം. – 68/18-19

അടങ്കൽ തുക – 24,76,000/- രൂപ (വികസന ഫണ്ട് 23,00,000/-+ തനത്ഫണ്ട് 1,76,000/-)

ചെലവ് തുക – 23,47,703/- രൂപ (വികസന ഫണ്ട് 21,71,703/- + തനത്ഫണ്ട് 1,76,000/-)

| ക്രമനമ്പർ | ബിൽ നമ്പർ | തുക (രൂപ) |
|---|---|---|
| 1 | 8/18-19 തീയതി 16.07.18 | 5,97,000/- |
| 2 | 10/18-19 തീയതി 14.08.18 | 2,10,000/- |
| 3 | 13/18-19 തീയതി 17.09.18 | 1,70,989/- |
| 4 | 12/18-19 തീയതി 18.09.18 | 1,99,000/- |
| 5 | 14/18-19 തീയതി 12.10.18 | 1,99,000/- |
| 6 | 18/18-19 തീയതി 14.11.18 | 1,99,000/- |
| 7 | 19/18-19 തീയതി 11.12.18 | 1,99,000/- |
| 8 | 21/18-19 തീയതി 18.01.19 | 1,99,000/- |
| 9 | 24/18-19 തീയതി 01.03.19 | 1,70,703/- |

| | | |
|---|---|---|
| 10 | 27/18-19 തീയതി 27.03.19 | 1,99,000/- |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നെടുമൺകാവ് നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നമ്പർ 68/18-19 പ്രകാരം ജീവിതശൈലി രോഗനിയന്ത്രണപരിപാടി എന്ന പദ്ധതി രൂപീകരിച്ച് നടപ്പാക്കി. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ അടിസ്ഥാന ഉത്തരവായ സ.ഉ(കൈ)നം.11/2018ത.സ്വ.ഭ.വ തീ. 29.01.2018 ലെ ഖണ്ഡിക 7.7.1(4) പ്രകാരം ജീവിതശൈലി രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കണമെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പദ്ധതി ഏറ്റെടുത്തത് ക്രമവിരുദ്ധമാണ്. ആയതിനാൽ ഈ പ്രോജക്റ്റ് നിർവ്വഹണത്തിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 21,71,703/- രൂപ തടസ്സപ്പെടുത്തുന്നു. ആകെ 23,42,692/- രൂപ ചെലവഴിച്ചതിന്റെ ബില്ലുകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. 5,011/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആ തുക കൂടി തടസ്സപ്പെടുത്തുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയത് സർക്കാരിന്റെ പ്രത്യേക ഉത്തരവുപ്രകാരമാണെങ്കിൽ ആയത് ലഭ്യമാക്കുകയോ അല്ലെങ്കിൽ ആയതിൻ മേൽ വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതും 5,011/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റന്വേഷണം നം. 10/09.10.2020

തടസ്സപ്പെടുത്തിയ തുക - 21,76,714/- രൂപ (21,71,703/- + 5,011/-)

## 1-22 ഐ.എ.വൈ. കോ-ഓപറേറ്റീവ് ബാങ്കിലേയ്ക്കുള്ള ലോൺ തിരിച്ചടവ്.

പ്രോജക്റ്റ് - ഐ.എ.വൈ. കോ-ഓപറേറ്റീവ് ബാങ്കിലേയ്ക്കുള്ള പലിശയും മുതലും തിരിച്ചടവ് (05/ 19)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ തുക -

വികസന ഫണ്ട് (ജനറൽ) – 21,74,678/- രൂപ

വികസന ഫണ്ട്, എസ് സി പി – 26,52,500/- രൂപ

ആകെ – 48,27,178/- രൂപ

അടങ്കൽ തുക -

| | |
|---|---|
| വികസനഫണ്ട്, പൊതു വിഭാഗം | 21,74,678/- രൂപ |
| വികസനഫണ്ട്, എസ്. സി.പി | 26,52,500/- രൂപ |
| ആകെ | 48,27,178/- രൂപ |

സ.ഉ.(എം.എസ്)നം.90/13.ത.സ്വ.ഭ.വ., തീ. 14-03-2013, സ.ഉ.(എം.എസ്)162/13.ത.സ്വ.ഭ.വ. എന്നിവ പ്രകാരം ഐ.എ.വൈ ആവശ്യത്തിലേയ്ക്ക് ലോൺ എടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സർക്കാർ അനുവദിച്ചു. ഉത്തരവുകൾ പ്രകാരം മുതലും, 11.25% വരെയുള്ള പലിശയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നല്കുന്നതാണ്. ഇതു പ്രകാരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന് 1,13,31,248/-രൂപയുടെ വായ്പ നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്ക് അനുവദിക്കുകയും, ഇതിൽ 1,07,20,488/- രൂപ വായ്പയായി സ്വീകരിക്കുകയും ചെയ്തു. 2018-19 സാമ്പത്തിക വർഷത്തിൽ ടി പ്രോജക്റ്റ് പ്രകാരം താഴെ കൊടുത്തിരിക്കും പ്രകാരം തുകകൾ നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ ഒടുക്കുവരുത്തി.

| ക്ര.നം | ബിൽ നം | തുക (രൂപ) |
|---|---|---|
| 1 | 6, 20-06-18 | 11,05,000/- |
| 2 | 34, 22-12-18 | 7,02,520/- |
| 3 | 33, 22-12-18 | 8,97,616/- |
| 4 | 49, 19-03-19 | 15,97,828/- |
| | | |

| | | |
|---|---|---|
| 5 | 48, 19-03-19 | 1,72,062/- |
| 6 | 53, 21-03-19 | 3,52,152/- |
| | ആകെ | 48,27,178/- |

ഇതിൽ 11,05,000/- രൂപ മുതൽ ഇനത്തിലും, 37,22,178/- രൂപ പലിശ ഇനത്തിലും കുറവുവരുത്തി. ബാങ്കിന്റെ ലോൺ പാസ് ബുക്ക് പ്രകാരം 31-03-2019 വരെ മുതൽ ഇനത്തിൽ 18,05,000/-രൂപ അടവാക്കിയിട്ടുണ്ട്. മുതൽ ഇനത്തിൽ 89,15,488/- രൂപ തിരികെ അടക്കുന്നതിനായി അവശേഷിക്കുന്നു.

സഹകരണ ബാങ്കിൽ അടവാക്കിയ മുതലും, 11.25% വരെയുള്ള പലിശയും തിരികെ സർക്കാരിൽ നിന്നും ലഭിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഒടുക്കവരുത്തുന്ന തുകകളിൽ വലിയ ശതമാനം തുകയും പലിശ ഇനത്തിലാണ് ബാങ്ക് കുറവ് വരുത്തിയിട്ടുള്ളത്. മുതൽ ഇനത്തിൽ തുക കുറവുചെയ്യുന്നതിനുള്ള നടപടികൾകൂടി ബാങ്കുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

### 1-23 ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു നല്കി

പ്രോജക്ട് നം – 32/19, ആനക്കോട്ടൂർ ഖലാസിൽ ഭാഗം നാലുസെന്റ് കോളനി റോഡ് കോൺക്രീറ്റിംഗ് -നെടുവത്തൂർ ഗ്രാമപഞ്ചായത്ത്

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

ഫണ്ട്, അടങ്കൽ തുക – വികസനഫണ്ട് (ജനറൽ), 5,00,000/- രൂപ

ചെലവ് – 3,73,861/- രൂപ

ബിൽ നം – 09/18-19/31-10-18

എം-ബുക്ക് നം – 11/18-19

കരാറുകാരൻ – പ്രകാശ്. എസ്

എഗ്രിമെന്റ് നം. – 20/AEE/LSGD/KTR/18-19/09-07-2018

മേൽ പ്രവൃത്തിയിൽ റോഡിന്റെ ഒരു വശത്ത് 98 മീ. നീളത്തിലും 0.4 മീ. വീതിയിലും 0.4 മീ. താഴ്ചയിലും ഓട നിർമ്മിക്കുന്നതിനായി 15.525 ക്യൂബിക് മീറ്റർ മണ്ണ് കിളച്ചു മാറ്റുന്നതിനായി @213.638/$m^3$ DSR നിരക്കിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി നടപ്പിലാക്കിയതിന്റെ രേഖകൾ അളവ് പുസ്തകത്തിന്റെ പേജ് നമ്പർ 1 മുതൽ 6 വരെ രേഖപ്പെടുത്തിയിരിക്കുന്നതിൽ പ്രവൃത്തിയുടെ ആറാമിനമായി ഉൾപ്പെടുത്തിയിരുന്ന ഓട നിർമ്മാണത്തിനുള്ള സെന്ററിംഗ് ആന്റ് ഷട്ടറിംഗ് 01-09-2018 ലും അഞ്ചാമിനമായ കോൺക്രീറ്റിംഗ് 10-09-2018 ലും നടപ്പിലാക്കിയതിന് ശേഷമാണ് നാലാമത്തെ ഇനമായ മണ്ണ് കിളച്ച് മാറ്റൽ പ്രവൃത്തി 10.09.2018ൽ നടപ്പിലാക്കിയത്. ടെണ്ടറിൽ അംഗീകരിച്ച നിരക്കായ 3,317/- രൂപ പ്രവൃത്തിക്ക് ചെലവഴിക്കുകയും ചെയ്തു. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച പ്രവൃത്തിക്ക് നടത്തിയ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

നിരാകരിച്ച തുക – 3,317/- രൂപ

ഓഡിറ്റ് എൻക്വയറി നം – 11/09-10-2020

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 **സെക്ഷൻ** 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരീപ്ര ഗ്രാമപഞ്ചായത്തിലെ പാണൻ പറമ്പ് കോളനി കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - സെന്റേജ് ഇനത്തിൽ അധികം തുക നല്കിയത് നിരാകരിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
അടങ്കൽ തുക – 6,00,000/- രൂപ (വികസന ഫണ്ട്, എസ് സി.പി)

ടി പ്രോജക്ടിനായി കേരളാ വാട്ടർ അതോറിറ്റി താഴെ കൊടുത്തിരിക്കും പ്രകാരം 6,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നല്കി.

| | | |
|---|---|---|
| 1 | Estimate amount | ₹5,32,633.9/- |
| 2 | Centage charge 12.5% | ₹66,579.24/- |
| 3 | Total with Centage charge | ₹5,99,213.14/- |
| 4 | Lump sum | ₹786.16/- |
| 5 | Total Amount | ₹6,00,000/- |

ബിൽ നം. 10, തീ-23-06-2018 പ്രകാരം വികസന ഫണ്ട് 6,00,000/- രൂപ പിൻവലിച്ച് കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കവരുത്തി.

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തു നടത്തിവരുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും, 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജ്ജായി ഈടാക്കി വരുന്നതിൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ്ജ് സ.ഉ.(സാ.ധാ)നം./1069/2018/ത.സ്വ.ഭ.വ., 16-04-2018 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ഈടാക്കാവുന്നതല്ലെന്ന് ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം സെന്റേജ് ചാർജ്ജിനത്തിൽ നല്കേണ്ടിയിരുന്നത് 53,263/- രൂപയാണ്. 13,316/- രൂപ അധികം നല്കിയിട്ടുണ്ട്. ടി തുകയുടെ ചെലവ് അംഗീകരിക്കുന്നില്ല. ധനവിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിനായി 4,61,163/- രൂപ ചെലവഴിക്കുകയും 1,38,837/- രൂപ അവശേഷിക്കുകയും ചെയ്യുന്നുണ്ട്. അവശേഷിക്കുന്ന തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-2. തീയതി-07-10-2020) ടി തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സെന്റേജ് ചാർജ്ജിനത്തിൽ അധികം നല്കിയിട്ടുള്ള 13,316/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.ടിതുക കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നോ, ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കവരുത്തേണ്ടതാണ്.

നിരാകരണം – 13,316/- രൂപ
ഓഡിറ്റ് അന്വേഷണം നം - 2/07-10-2020

### 3-2 മുതുവാന്നൂർ കുടിവെള്ള പദ്ധതി - ക്രമ പ്രകാരം ടെണ്ടർ കുറവ് വരുത്താതിരുന്നതിനാൽ അധികം തുക നല്കി.

മുതുവാന്നൂർ കുടിവെള്ള പദ്ധതി തുക നല്കൽ (106/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എക്സി. എഞ്ചിനീയർ

അസി. എക്സി. എഞ്ചിനീയർ എൽ.എസ്.ജി.ഡി, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൻറെ 26-07-2018 ലെ AB-1/118/2017, ഉത്തരവ് പ്രകാരം, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ സ്പിൽ ഓവർപ്രോജക്ടായ മുതുവന്നൂർ കുടിവെള്ള പദ്ധതി യുടെ പാർട്ട് ബില്ലിൽ നിന്നും റിട്ടെൻഷൻ ഇനത്തിൽകുറവ് ചെയ്ത തുകയായ 34,962/-

രൂപ കരാറുകാരനായ ശ്രീ. വി. അനിൽ കുമാറിന് നല്കുന്നതിന് തീരുമാനിച്ചു. പ്രസ്തുത പദ്ധതി ചില സാങ്കേതിക കാരണങ്ങളാൽ നിർത്തിവെച്ചതായും ടി ഉത്തരവിൽ പറയുന്നു. 34,962/- രൂപ 24-07-2018 ലെ 2834316 നമ്പർ ചെക്കു പ്രകാരം ശ്രീ. അനിൽ കുമാറിന് നല്കിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന വസ്തുകൾ കാണുന്നു. പ്രോജക്ട് നം 76/16 ആയി മുതുവന്നൂർ കോളനി കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിന് 5,00,000/- രൂപയുടെ സാങ്കേതികാനുമതി ലഭിക്കുകയും, എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 12% കുറഞ്ഞ നിരക്കിലുള്ള ശ്രീ. വി. അനിൽ കുമാറിന്റെ ടെണ്ടർ (Percentage BOQ) അംഗീകരിക്കുകയും 16-11-2015 ൽ 37/AEE/LSGD/KTR/15-16, ആയി കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രോജക്ടിന്റെ അടങ്കൽ തുക വികസന ഫണ്ട്-2,39,755/- രൂപയും, തനത് ഫണ്ട് -2,00,000/- രൂപയും ഉൾപ്പെടെ 4,39,735/- രൂപയാണ്.

ടി പ്രവൃത്തിയുടെ ഒന്നാം ഭാഗിക ബിൽ തഴെ കൊടുത്തിരിക്കും പ്രകാരം തയ്യാറാക്കി തുക നല്കി. (ടെണ്ടർ കുറവ് കഴിച്ച് 349622/- രൂപയാണ് കണക്കാക്കേണ്ടിയിരുന്നതെങ്കിലും 349621/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 1 രൂപയുടെ വ്യത്യാസം ഉണ്ട്.)

| | |
|---|---|
| പ്രവൃത്തിമൂല്യം | ₹3,71,938/- |
| (-) ടെണ്ടർ കുറവ് | ₹22,316/- |
| | ₹3,49,621/- |
| (-) റിട്ടെൻഷൻ 10% | ₹34,962/- |
| | ₹3,14,659/- |

ഇതിൽ 1,99,499/- രൂപ വികസന ഫണ്ടിൽ നിന്നും, 1,15,160/- രൂപ തനതു ഫണ്ടിൽ നിന്നും നല്കി.

അപാകതകൾ

1) 12% കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ടിപ്രവൃത്തിയുടെ ഒന്നാം ഭാഗിക ബിൽ തയ്യാറാക്കേണ്ടിയിരുന്നത് താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

| | |
|---|---|
| പ്രവൃത്തിമൂല്യം | ₹3,71,938/- |
| (-) ടെണ്ടർ കുറവ് 12% | ₹44,633/- |
| | ₹3,27,305/- |
| (-) റിട്ടെൻഷൻ 10% | ₹32,730/- |
| | ₹2,94,574/- |

ടി പ്രവൃത്തിയിൽ തെറ്റായി ടെണ്ടർ കുറവ് കണക്കാക്കിയതിനാൽ 22,316/- രൂപ അധികമായി കരാറുകാരന് നല്കി

2) ടി പ്രവൃത്തി ചില സാങ്കേതിക കാരണങ്ങളാൽ നിർത്തിവെച്ചു എന്നല്ലാതെ ആയതിന്റെ കാരണം, ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച തീരുമാനം ഫയലിൽ രേഖപ്പെടുത്തിയിട്ടുമില്ല.

ഭാഗിക ബിൽ മാത്രം നല്കിയ മരാമത്ത് പ്രവൃത്തി ആയതിനാൽ, പ്രവൃത്തി സംബന്ധമായ പരിശോധന റീട്ടെൻഷൻ തുക നല്കുന്നതിനായി പ്രോജക്ട് വെച്ച് തുക നൽകിയ 2018-19 വർഷത്തിലെ ഓഡിറ്റിലാണ് നടന്നിട്ടുള്ളത്. ആയതിനാൽ അധികം നല്കിയ തുക കരാറുകാരനിൽനിന്നോ, ആവശ്യമായ പരിശോധന നടത്താതെ ഭാഗിക ബിൽ തുക, റിട്ടെൻഷൻ തുക എന്നിവ നല്കിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.09, തീയതി 09-10-2020) അധികമായി നല്കിയ തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്.

നിരാകരണം – 22,316/- രൂപ

ഓഡിറ്റ് അന്വേഷണം - 09/09-10-2020

3-3 ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ച് നൽകിയത് നിരാകരിക്കുന്നു.

പ്രോജക്ട് നം. - 32/19, ആനക്കോട്ടൂർ ഖലാസിൽ ഭാഗം നാലുസെന്റ് കോളനി റോഡ് കോൺക്രീറ്റിംഗ് – നെടുവത്തൂർ ഗ്രാമപഞ്ചായത്ത്

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

ഫണ്ട്, അടങ്കൽ തുക – വികസനഫണ്ട് (ജനറൽ), 500000/- രൂപ

ചെലവ് - 373861/- രൂപ

ബിൽ നം - 09/18-19/31-10-18

എം-ബുക്ക് നം – 11/18-19

കരാറുകാരൻ – പ്രകാശ്. എസ്.

എഗ്രിമെന്റ് നം – 20/AEE/LSGD/KTR/18-19/09-07-2018

മേൽ പ്രവൃത്തിയിൽ റോഡിന്റെ ഒരു വശത്ത് 98മീ നീളത്തിലും 0.4 മീ വീതിയിലും 0.4 മീ താഴ്ചയിലും ഓട നിർമ്മിക്കുന്നതിനായി 15.525 ക്യൂബിക് മീറ്റർ മണ്ണ് കിളച്ചു മാറ്റുന്നതിനായി 213.638/$m^3$ DSR നിരക്കിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി നടപ്പിലാക്കിയതിന്റെ രേഖകൾ അളവ് പുസ്തകത്തിന്റെ പേജ് നമ്പർ 1 മുതൽ 6 വരെ രേഖപ്പെടുത്തിയിരിക്കുന്നതിൽ പ്രവൃത്തിയുടെ ആറാമിനമായി ഉൾപ്പെടുത്തിയിരുന്ന ഓട നിർമ്മാണത്തിനുള്ള സെന്ററിംഗ് ആന്റ് ഷട്ടറിംഗ് 01-09-2018 ലും അഞ്ചാമിനമായ കോൺക്രീറ്റിംഗ് 10-09-2018 ലും നടപ്പിലാക്കിയതിന് ശേഷമാണ് നാലാമത്തെ ഇനമായ മണ്ണ് കിളച്ച് മാറ്റൽ പ്രവൃത്തി 10.09.2018 നടപ്പിലാക്കിയത്. ടെണ്ടറിൽ അംഗീകരിച്ച നിരക്കായ 3,317/- രൂപ പ്രവൃത്തിക്ക് ചെലവഴിക്കുകയും ചെയ്തു. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച പ്രവൃത്തിക്ക് നടത്തിയ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

നിരാകരിച്ച തുക - 3,317/- രൂപ

ഓഡിറ്റ് എൻക്വയറി നം – 11/09-10-2020

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.07.2019 & 20.07.2019 | കെ.എസ്.എ.കെ.എൽ.എം.പി6/1359/19 31.08.2019 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2018-19 | 560000 | PMAY(SC) | 210000 | 350000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 6089321 | ലൈഫ് (ജനറൽ) | - | 6089321 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 4437769 | ലൈഫ് | 800000 | 3637769 |

| | | | | | |
|---|---|---|---|---|---|
| | | | (എസ്സ്.സി) | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ബിൽ നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പാണൻപറമ്പ് കുടിവെള്ള പദ്ധതി | 1023618/ 23.6.2018 | 600000 | 600000 | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവനവായ്പ | 90/13 തസ്വഭവ/14.3.2013 | 10720488 | 16227036 | 1105000 | 3722178 | 11399858 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 54,972/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2015-16 | 3-3 | 35498 | ശ്രീമതി സുനില,<br>അസി. എൻജിനീയർ | 040107072018000028/7.7.18 |
| 2016-17 | 3-5 | 19474 | സെക്രട്ടറി, ബ്ലോക്കുപഞ്ചായത്ത് | 8519/31.7.18 |
| | ആകെ | 54972 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3-23 | 2001-02 | 1-4 | അംഗൻവാടികളിലേയ്ക്ക് ബേബി ചെയർ വാങ്ങിയത് ക്രമവിരുദ്ധം | |
| വിഷയാധിഷ്ഠിത അവലോകനം | | 2014-15 | 4.1.5 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ നിഷ്ക്രീയാസ്തികൾ നെടുമൺകാവ് സി.എച്ച്.സിയ്ക്ക് 2011-12 ൽ 5,11,682/- രൂപ ചെലവിട്ട് ആംബുലൻസ് വാങ്ങിയത് നാശോന്മുഖമാണ്. | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

<u>എ) ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹14,21,29,882/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹11,23,25,046/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹38,949/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹1,04,53,834/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 13,316 | ശ്രീ. മെൽവിൻ. സി. എഫ്,സെക്രട്ടറി |
| 3-2 | | 22,316 | ശ്രീ. ഗിരീഷ്.വി. ആർ,<br>അസി. എക്സി. എൻജിനീയർ |
| 3-3 | | 3,317 | ശ്രീ. അസ്ജാദ്, അസി. എൻജിനീയർ |
| ആകെ | | 38,949 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 2,61,083 | ഡോ. ജ്യോതിലാൽ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നെടുമൺകാവ് |
| 1-13 | 2,06,500 | ഡോ. ജ്യോതിലാൽ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നെടുമൺകാവ് |
| 1-14 | 1,54,400 | ശ്രീ. ലൂയിസ് മാത്യു, കൃഷി അസി. ഡയറക്ടർ |
| 1-15 | 35,000 | ശ്രീമതി. റീനാ തോമസ്, പട്ടികജാതി വികസന ഓഫീസർ |
| 1-16 | 50,000 | പട്ടികജാതി വികസന ഓഫീസർ |
| 1-17 | 1,38,137 | ശ്രീ. മെൽവിൻ. സി. എഫ്, സെക്രട്ടറി |
| 1-18 | 74,32,000 | ശ്രീ. മെൽവിൻ. സി. എഫ്, സെക്രട്ടറി |
| 1-21 | 21,76,714 | ഡോ. ജ്യോതിലാൽ, മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, നെടുമൺകാവ് |
| ആകെ | 1,04,53,834 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ലൂയിസ് മാത്യു, കൃഷി അസി. ഡയറക്ടർ | കൃഷി അസി.ഡയറക്ടർ,<br>കൊട്ടാരക്കര ബ്ലോക്ക് | കല്ലുവിളയത്തിൽ ഹൗസ്,<br>മണ്ണടി.പി.ഒ,<br>മണ്ണടി |
| ശ്രീമതി. റീനാ തോമസ്,<br>പട്ടികജാതി വികസനഓഫീസർ | പട്ടികജാതി വികസന ഓഫീസർ,<br>കൊട്ടാരക്കര ബ്ലോക്ക് | ലൗഷോർ,<br>മേലേവിള,<br>ചാത്തന്നൂർ |
| ഡോ. ജ്യോതിലാൽ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി,<br>നെടുമൺകാവ് | ഇളംപ്ലാവിൽ, കരിങ്ങന്നൂർ.പി.ഒ,<br>ഓയൂർ |
| ശ്രീ. ഗിരീഷ്. വി. ആർ,<br>അസി. എക്സി. എൻജിനീയർ | അസി. എക്സി. എൻജിനീയർ,<br>കൊട്ടാരക്കര<br>ബ്ലോക്കുപഞ്ചായത്ത് | രാജഗിരി, തോട്ടയ്ക്കാട്,<br>കല്ലമ്പലം.പി.ഒ,<br>തിരുവനന്തപുരം |
| ശ്രീ. അസ്ജാദ്, അസി. എൻജിനീയർ | അസി.എൻജിനീയർ,<br>കൊട്ടാരക്കര<br>ബ്ലോക്കുപഞ്ചായത്ത് | മുസലിയാം മൻസിൽ, മുസ്ലീം സ്ട്രീറ്റ്, കൊട്ടാരക്കര |
| ശ്രീ. മെൽവിൻ. സി. എഫ്, സെക്രട്ടറി | സെക്രട്ടറി, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | നീഹാരം, ചാകകാട്,<br>ചെമ്മക്കാട്. പി. ഒ. കുണ്ടറ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2000-2001 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2001-2002 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2004-05 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2005-06 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2006-07 | LFQ(DB)1376(5)/14/23.06.14 |
| 2007-08 | LFQ(DB)1376(4)/14/23.06.14 |
| 2008-09 | LFQ(DB)1376(3)/14/23.06.14 |
| 2009-10 | LFQ(DB)1376(2)/14/23.06.14 |
| 2010-11<br>2011-12 | LFQ(DB)1376(1)/14/23.06.14 |
| 2012-13<br>2013-14 | LFQ(DB)2606/2014/28.02.15 |
| 2014-2015 | കെ.എസ്.എ.കെ.എൽ എംD.B-1813/16/1.2.17 |
| 2015-16 | കെ.എസ്.എ.കെ.എൽ എംD.B 527/2017,<br>തീയതി. 22.07.17 |
| 2016-17 | കെ.എസ്.എ.കെ.എൽ എം.പി.6/1982/2017,<br>തീയതി. 27.11.17 |
| 2017-18 | കെ.എസ്.എ.കെ.എൽ എം.പി.6 286/19/4.4.19 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.എൽ.എം.പി.6/1127/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 13.01.2021

### ഓഡിറ്റ് സാക്ഷ്യപത്രം 2018-19

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003/ ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം.

•

<u>അനുബന്ധം-2</u>

<u>അനുബന്ധപത്രികകൾ</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ്, കൊല്ലം.